വിശ്വാസം. അതുകൊണ്ട് നമ്മുടെ ഈ ഡിമ്പ്രമോ അംഗീകരിച്ചിട്ടില്ലെന്നു പറയുന്നതു് പൂർണ്ണമായും ശരിയല്ല. ഈ ചില്ലറ തെറ്റിദ്ധാരണകളും നീക്കാൻ വേണ്ട ശ്രമങ്ങളും നടത്തുന്നതാണു്. കുത്തിടപാടുകളും കൊണ്ടു് പരിഹാരം കാണാമെന്നാണു് പ്രതീക്ഷിക്കുന്നതു്. എന്നിട്ടും ഫലപ്രദമാകുന്നില്ലെങ്കിൽ മന്ത്രി നിലവാരത്തിൽ നേരിട്ടു് കേന്ദ്രഗവണ്മെൻറിനു് വിശദീകരണം നൽകിക്കൊണ്ടു് വിഷമതകളും പരിഹരിക്കുവാൻ വേണ്ട നടപടികളും ഗവണ്മെൻറു കൈക്കൊള്ളുന്നതാണെന്നു ഈയവസരത്തിൽ ഉറപ്പു നൽകുന്നു. ഈ ഉറപ്പിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട മെമ്പർ പ്രമേയം പ്രസ്തുതചെയ്യുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള : ഒരിടക്കാല നടപടിയെന്നുള്ള നിലയിൽ ഇന്നയിന്ന വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കിയതു് ഇന്നയിന്ന വിദ്യാലയങ്ങളിലാണെന്നു ഒരു സർട്ടിഫിക്കറു് കൊടുക്കാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഒരിടക്കാല നടപടി ആവശ്യമില്ലാത്ത വിധം ഏതാനും ദിവസങ്ങൾക്കകം ഇതിനു പരിഹാരം ഉണ്ടാകുമെന്നാണു് ഗവണ്മെൻറിന്റെ പ്രതീക്ഷ.

The resolution was, by leave, withdrawn.

(ii) Implementation of a scheme for the welfare of fishermen

ശ്രീ. വി. എസ്. അച്യുതാനന്ദൻ : " മത്സ്യത്തൊഴിലാളികളുടെ ജീവിതപുരോഗതിക്കും, സുരക്ഷിതത്വത്തിനും വേണ്ടി ഒരു മത്സ്യത്തൊഴിലാളി സംരക്ഷണപദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഗവണ്മെൻറു് അടിയന്തിരനടപടി കൈക്കൊള്ളണമെന്നു് ഈ സഭ തീരുമാനിക്കുന്നു " എന്ന എന്റെ പ്രമേയം അവതരിപ്പിക്കുന്നു. സർ, നമ്മുടെ കേരളത്തിന്റെ പടിഞ്ഞാറൻപ്രദേശത്തു് ഏതാണ്ടു് മുനമ്പുമുതൽപ്പുറം മൈൽ നീണ്ടുവിസ്തൃതമായി കിടക്കുന്ന അറേബ്യൻസമുദ്രത്തിന്റെ തീരപ്രദേശങ്ങളിലും വേമ്പനാട്ടുകായലിന്റെ സമീപപ്രദേശങ്ങളിലും താമസിക്കുന്ന ലക്ഷക്കണക്കായ തൊഴിലാളികളും മത്സ്യം പിടിച്ചു് ഉപജീവനം കഴിച്ചുവരികയാണു്. അവർ ഇന്നു വളരെ ക്ലേശകരമായ ഒരു ജീവിതത്തിൽ കഴിഞ്ഞുവരികയാണു്. അവരുടെ ഈ ജീവിതത്തിനു് ആശ്വാസകരമായ അടിയന്തിരനടപടികളും എടുത്തേ മതിയാകൂ. ഇതിനെ ആസ്പദമാക്കിയുള്ളതാണു് ഈ പ്രമേയം.

സർ, ഈ തൊഴിലാളികളും ആലമാലകളെ നേരിട്ടു് ജീവനപ്പോലും പണയപ്പെടുത്തി പണിയെടുക്കുന്ന ഒരു വിഭാഗമാണെന്നു് നമുക്കറിയാം. ഇവർ ഉല്പാദിപ്പിക്കുന്ന മത്സ്യത്തിനു് നമ്മുടെ നാട്ടിൽ മാത്രമല്ല പരദേശത്തുനിന്നും കോടിക്കണക്കിനു രൂപ കിട്ടുന്നുണ്ടു്. കോടിക്കണക്കിനു് വിദേശനാണ്യം നമ്മുടെ രാജ്യത്തിനു നേടിത്തരാൻ സഹായിക്കുന്ന ഒരു അമൂല്യസമ്പത്താണു് അവർ ഉല്പാദിപ്പിച്ചുതരുന്ന ഈ മത്സ്യം. മത്സ്യരംഗത്തു് ഇൻഡ്യക്കു് പൊതുവേയുള്ള വരുമാനത്തിന്റെ ഏതാണ്ടു് എഴുപത്തഞ്ചു്, എൺപതു ശതമാനവും കേരളമാണു് നേടിക്കൊടുക്കുന്നതു്. നമ്മുടെ നാട്ടിന്റെ അഭിവൃദ്ധിയിൽ വളരെ ഗണനീയമായ ഒരു പങ്കാണു് പാടുപെടുന്ന ഈ വിഭാഗം തൊഴിലാളികളും വഹിച്ചുകൊണ്ടിരിക്കുന്നതെന്നുള്ളതു് ഏറ്റവും ഗൗരവത്തോടുകൂടി സ്മരിക്കേണ്ട ഒരു കാര്യമാണു്. നമ്മുടെ നാട്ടിനു് കോടിക്കണക്കിനു രൂപയുടെ വിദേശനാണ്യം നേടിത്തരുന്നു എന്നുള്ളതിനുപുറമേ, ഭക്ഷ്യകാര്യത്തിൽ ദുർദ്ദിക്ഷമായ നമ്മുടെ കേരളത്തിനു് ഈ ദുർഭിക്ഷത പരിഹരിക്കുന്നതിനു ഒരു പരിധിവരെ ഈ സമ്പത്തു് ഉപകരിക്കുന്നുമുണ്ടു്. അരിയോടൊപ്പം തന്നെ കപ്പയും മത്സ്യവും നാം ആഹരിക്കുന്നുണ്ടു്. ഈ കപ്പ ഭക്ഷിക്കുമ്പോൾ നമ്മുടെനാട്ടിൽ ചിലർ അതിനോടുകൂടി മുളകുകൂടി ഉപയോഗിക്കാറുണ്ടു് അങ്ങനെ കപ്പയും മുളകും സാധാരണ ഭക്ഷിക്കുന്നവരുടെ മുഖത്തുനോക്കിയാൽ, വികൃതമായി വിളറിയിരിക്കുന്നതു് രക്തമേശാത്ത ഒരു മുഖഭാവം കാണാൻ സാധിക്കും. എന്നാൽ രുചികരമായ മറ്റൊരു ഭക്ഷണരീതി നമ്മിൽ ഏറ്റം ആളുകൾക്കും പരിചയമുണ്ടു് ; കപ്പയും മത്സ്യവും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ഇതു് ഏതു ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയാണു്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : നാട്ടിൽ അനുഭവമുള്ള ഒരു പൊതുശാസ്ത്രം പറഞ്ഞുവെന്നേയുള്ളൂ. ഭക്ഷ്യകാര്യത്തിൽ ദുർഭിക്ഷമായ നമ്മുടെ കേരളത്തിനു് ആശ്വാസം നൽകുന്ന ഒരു വിശിഷ്ടഭോജ്യമാണു് കപ്പയെങ്കിൽ, ആ കപ്പയും അതിനെക്കാൾ രുചികരവും പോഷകാംശമുള്ളതുമായ മത്സ്യവുംകൂടി ചേരുമ്പോൾ വിളറി വെളുത്തു് രക്തമില്ലാത്ത മനുഷ്യരുടെ മുഖത്തിനു് ഒരു ഊർജ്ജസ്വലതയും പ്രസാദവും കൈവരുന്നതാണു്. അങ്ങനെ, നല്ല പോഷകാംശമുള്ള ആഹാരം നമ്മുടെ നാട്ടിലെ ജനങ്ങൾക്കു നേടിക്കൊടുക്കുന്നതിനുവേണ്ടി കൂടി പാടുപെടുന്ന ആളുകളാണു് നമ്മുടെ നാട്ടിലെ ലക്ഷക്കണക്കായ മത്സ്യത്തൊഴിലാളികളെന്ന കാര്യം വിസ്മരിക്കാൻ കഴിയുന്നതല്ല. കേരളത്തിലേയും ഭാരതത്തിലേയും ജനങ്ങളെ അഭിവൃദ്ധിയിലേക്കു് നയിക്കാൻ സഹായിക്കുന്ന ഈ വിഭാഗം തൊഴിലാളികൾ പട്ടിണിയിലും ക്ലേശങ്ങളിലുംപെട്ടു് ഉഴലാൻ തുടങ്ങിയിട്ടു് കൊല്ലങ്ങളായിരിക്കുകയാണു്. ജീവനെപ്പോലും പണയപ്പെടുത്തി പണിയെടുത്തുകൊണ്ടിരിക്കുന്ന കൂട്ടത്തിൽ ചെറിയ വള്ളങ്ങളിൽ തിരമാലകളെ മുറിച്ചുകൊണ്ടു് മുന്നോട്ടുപോകുമ്പോൾ ചില ദിവസങ്ങളിൽ യാതൊരു വരുമാനവും കിട്ടാറില്ല. വള്ളവും വലയുമായി അവർക്കു് വെറും കയ്യോടെ തിരിച്ചുപോകേണ്ടിവരുന്നുണ്ടു്. നിരവധി ദിവസങ്ങളിൽ ഒന്നുംകിട്ടാത്തതുകാരണം പട്ടിണികിടക്കേണ്ടിവരുന്നുണ്ടു്. ചില ദിവസങ്ങളിൽ ജോലിക്കുപോയാൽ തിരിച്ചുവന്നു് പെറ്റതള്ളയേയും പിഞ്ചോമനകുഞ്ഞുങ്ങളേയും പിന്നീടൊന്നു കാണാൻ കഴിയാതെവരും. ഇങ്ങനെ പലതരത്തിലുള്ള ദുസ്ഥിതിയേയും ഇന്നു് അവർ നേരിട്ടുകൊണ്ടിരിക്കുകയാണു്.

സർ, കുറച്ചുനാൾ മുൻപു് ഒരു ദിവസം പുറക്കാടു് എന്നു പറയുന്ന വില്ലേജിൽ കേളൻ എന്നു പറയുന്ന ഒരു തൊഴിലാളി ഇതുപോലെ കടലിൽ പോയിട്ടു തിരിച്ചുവന്നില്ല. കേളന്റെമകൻ കൊച്ചു വാസുവിനെ തള്ള നാണി പറഞ്ഞു് ആശ്വസിപ്പിച്ചുകൊണ്ടിരിക്കുന്നതു് കുഞ്ഞിന്റെ അച്ഛൻ കടലമ്മയുടെകൂടെ പോയി എന്നാണു്. കൊച്ചുവാസു ഇപ്പോഴും ധരിച്ചിരിക്കുന്നതു് കടലമ്മ അവന്റെ അമ്മയുടെ അമ്മയാണെന്നും അവന്റെ അച്ഛൻ അമ്മുമ്മയുടെ കൂടെ പോയിരിക്കുകയാണെന്നുമാണു്. മാത്രവുമല്ല അമ്മുമ്മയുടെകൂടെ പോയിരിക്കുന്ന തന്റെ പ്രിയപ്പെട്ട അച്ഛൻ അടുത്ത കാലത്തു് തിരിച്ചുവരുമെന്ന പ്രതീക്ഷയോടെ അമ്മയുടെ വാക്കുകേട്ടു് അവൻ കാത്തിരിക്കുകയാണു്. തന്റെ ഓമനമകന്റെ പിഞ്ചുഹൃദയം വേദനിക്കാതിരിക്കാൻ ആ അമ്മ ഒരു ആശ്വാസവചനവചനം പറഞ്ഞുകൊടുത്ത എന്നേയുള്ളൂ. ഇങ്ങനെ പ്രതീക്ഷയോടുകൂടി കഴിയുന്ന നൂറുകണക്കിനു് പിഞ്ചോമനകളുടെ കുടുംബങ്ങൾ, മത്സ്യത്തൊഴിലാളികളുടെ ഇടയിൽ നമ്മുടെ തീരപ്രദേശത്തുണ്ടെന്നവസ്തുത വിസ്മരിച്ചുകൂടാ. കോടിക്കണക്കിനു് ഡാളർ—വിദേശനാണ്യം—നേടിത്തരാൻ പാടുപെടുന്ന ഈ തൊഴിലാളികളുടെ, നമ്മുടെ നാട്ടിലെ ജനങ്ങൾക്കു് രുചികരമായ ആഹാരം നേടിത്തരാൻ പാടുപെടുന്ന ഈ തൊഴിലാളികളുടെ ഈ കടുത്ത ദുസ്ഥിതിക്കു് നാം അടിയന്തിര പരിഹാരമുണ്ടാക്കിയേ മതിയാകൂ; അതിനുവേണ്ടി നാം നടപടിയെടുത്തേ മതിയാകൂ. ഈ വിഭാഗം തൊഴിലാളികൾ നേടിക്കൊടുക്കുന്ന വിദേശനാണ്യത്തിൽ പത്തു ശതമാനമെങ്കിലും ഈ തൊഴിലാളികളുടെ സമുദ്ധാരണത്തിനുവേണ്ടി സംസ്ഥാനകേന്ദ്രഗവണ്മെന്റുകൾ ചിക്കിവയ്ക്കേണ്ടതാണു്. മത്സ്യം പിടിക്കാൻപോയി കടലിൽ ദുർമരണമടയുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്കു് നഷ്ടപരിഹാരം നൽകാൻ കാര്യമായ യാതൊരു വ്യവസ്ഥയും നമ്മുടെ ഗവണ്മെന്റിനു് ഇന്നില്ല. ഇതുപോലുള്ള നിരവധി കുടുംബങ്ങളുടെ പ്രശ്നങ്ങൾ ഗവൺമെന്റിന്റെയും ഡിപ്പാർട്ടുമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളതിനുകൂടി നിരാശയാണുണ്ടായിട്ടുള്ളതു്.

സർ, അമ്പലപ്പുഴ മത്സ്യത്തൊഴിലാളികളുടെ പന്ത്രണ്ടുപേരുള്ള ഒരു സെറ്റു് മീൻപിടിക്കാൻ വള്ളത്തിൽ കടലിൽപോയപ്പോൾ ഒരു ഫിഷറീഷ് ബോട്ടുമായി കൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

മുടിയതിന്റെ ഫലമായി വള്ളവും വലയും നഷ്ടപ്പെട്ട് കഷ്ടത്തിലായ ഒരുവിധം രക്ഷപ്പെട്ട. അവർക്ക് പിന്നീട് ജോലിക്കുപോകാൻ വള്ളവും വലയും ഇല്ലാതെ വന്നു. അതിനുള്ള മാർഗ്ഗം ഉണ്ടാക്കികൊടുക്കുന്നതിനുവേണ്ടി അമ്പലപ്പുഴ പഞ്ചായത്തു പ്രസിഡന്റും പഞ്ചായത്തുമെമ്പറന്മാരും മറ്റു രാഷ്ട്രീയപ്പാർട്ടി പ്രവർത്തകന്മാരും എല്ലാവരുംകൂടി ഒത്തുചേർന്ന് പരിശ്രമിച്ചു. അങ്ങനെ കുറെ പണം അവർക്ക് സംഘടിപ്പിച്ചുകൊടുക്കാൻ സാധിച്ചുവെങ്കിലും വള്ളത്തിനും വലയ്ക്കും ആവശ്യമായ പണമുണ്ടാക്കികൊടുക്കാൻ കഴിഞ്ഞില്ല. ഈ പ്രശ്നം ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഫിഷറീസ് ബോട്ടുമായി കൂട്ടിമുട്ടുന്ന വള്ളങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള യാതൊരു നിർദ്ദേശവും ഇല്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. മുടിച്ച വള്ളവും വലയും നശിപ്പിച്ച ഫിഷറീസ് ബോട്ടിൽ നിന്നും കോമ്പൻസേഷൻ വാങ്ങിക്കുകയെന്നുള്ളതല്ലാതെ ഡിപ്പാർട്ടുമെന്റിൽനിന്ന് മറ്റൊന്നും കൊടുക്കാനില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. സർ, പാതിരാ നേരത്തു് ഇരമ്പിപ്പാഞ്ഞുവരുന്ന തിരമാലകളെമുറിച്ചു മുന്നോട്ടുപോകുന്ന ഈ ബോട്ടുകാരും കൊച്ചുവള്ളങ്ങളുമായി കൂട്ടിമുട്ടിയാൽ നഷ്ടപരിഹാരം കൊടുക്കേണ്ടി വരുമെന്നുള്ളതുകൊണ്ട് കൂട്ടിമുട്ടിയാൽ സൂത്രത്തിൽ ഉടൻതന്നെ ബോട്ടുകാരും രക്ഷപ്പെട്ടുകളയും. അതിനുപുറമേ ബോട്ടുമായി കൂട്ടിമുട്ടി വള്ളവും വലയും നഷ്ടപ്പെട്ടാൽ ഉടനെ അവിടെനിന്നും എങ്ങനെയാകിലും ജീവനുംകൊണ്ട് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിൽ ഈ മത്സ്യത്തൊഴിലാളികൾക്ക് ഈ ബോട്ടുകളുടെ നമ്പർ നോട്ടു ചെയ്യാൻ തീരെ സാധിക്കാതെവരുമെന്നുള്ളതാണ് സത്യം. ഞാൻ ഈ കാര്യം സൂചിപ്പിച്ചത്, നിത്യദുരിതത്തിൽ കഴിയുന്നവരും പലപ്പോഴും മരണത്തിനു വിധേയരാകുന്നവരും ആയ ഇവർക്ക് നാലണപോലും നഷ്ടപരിഹാരമായി കിട്ടാനുള്ള സാദ്ധ്യത ഇന്നില്ലെന്ന ദുഃഖസത്യം അനുസ്മരിപ്പിക്കാൻ വേണ്ടിയാണ്.

അതുപോലെതന്നെ, കായൽത്തീരത്തു താമസിക്കുന്ന തൊഴിലാളികളുടെ കാര്യവും ഇതിൽനിന്ന് വ്യത്യസ്തമല്ല. ഇടയ്ക്കിടക്ക് കടലമ്മ കോപിക്കുമ്പോൾ കരയ്ക്കുള്ള പല വീടുകളും പുരയിടങ്ങളും നശിച്ചുപോകുന്നുണ്ട്. അതുകൊണ്ട് താമസസൗകര്യത്തിന്റെ പ്രശ്നം നോക്കിയാലും ഇവരുടെ സ്ഥിതി അത്ര ശോഭനമല്ല അതുകൊണ്ട് അവരുടെ താമസത്തിന്റെ പ്രശ്നം, അവരുടെ തൊഴിലിന്റെ പ്രശ്നം, അവരുടെ വരുമാനത്തിന്റെ പ്രശ്നം ഇവർക്ക് നേരിടുന്ന കടുത്ത അപായങ്ങളുടെ പ്രശ്നം ഇതിനെല്ലാം അടിയന്തിരമായ പരിഹാരം കാണേണ്ടതായിട്ടുണ്ട്. അവരുടെ സാധാരണ വരുമാനം നമുക്കെല്ലാം അറിയാവുന്നതാണ്. അങ്ങനെ ഇരിക്കുമ്പോൾ കടലമ്മ പ്രസാദിച്ചു ചാകരയുണ്ടാകുമ്പോൾ രണ്ടു മൂന്നുമാസം അവർക്ക് ഒരു നല്ലകാലമുണ്ടാകുന്നു. ഈ കാലത്താണ് അല്പം കൂടുതൽ വരുമാനം അവർക്കുണ്ടാകുന്നത്. മറ്റു സമയങ്ങളിൽ വന്നുചേരുന്ന കടങ്ങളും മറ്റും തീർക്കുന്നത് ഈ അവസരത്തിലാണ്. ഈ സമയത്തു് അവർക്ക് കിട്ടുന്ന വരുമാനത്തിന്റെ നല്ലൊരു പങ്ക് ഇടത്തട്ടുകാരനായ മറ്റൊരുവിഭാഗം തട്ടിയെടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട്, ഇങ്ങനെ പലവിധത്തിലും ക്ലേശങ്ങളും യാതനകളും സഹിക്കുന്ന ഈ മത്സ്യത്തൊഴിലാളികളുടെ പുരോഗതിക്കും നന്മക്കും ഉതകുന്ന സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിച്ച് അടിയന്തിരമായി നടപ്പിലാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവണ്മെന്റിനോടും അഭ്യർത്ഥിക്കുന്നു. സർ, ഈ സഭ ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തോട് പരിപൂർണ്ണമായി യോജിക്കുമെന്നു് പ്രത്യാശിക്കുന്നു.

ശ്രീ. എ. എസ്. പുരുഷോത്തമൻ : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. പ്രമേയാവതാരകനായ ശ്രീമാൻ അച്യുതാനന്ദൻ ഇവിടെ പറഞ്ഞ എല്ലാകാര്യങ്ങളോടും യോജിച്ചുകൊണ്ട് എന്നതാനും ചില കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവണ്മെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് ഒരു സാമൂഹ്യസംരക്ഷണ പരിപാടി ആവിഷ്ക്കരിച്ചു നടപ്പാക്കുകയെന്നു് പറയുമ്പോൾ ചിലകാര്യങ്ങളെല്ലാം ഇപ്പോൾതന്നെ ചെയ്യുന്നുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷെ, ലക്ഷക്കണക്കായ മത്സ്യത്തൊഴിലാളികളെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പരിമിതമായ സംരക്ഷണംമാത്രമേ ഇന്നു് അവക്കു് ലഭിക്കുന്നുള്ളു. എന്നു മനസ്സിലാക്കാൻ സാധിക്കും. അതുതന്നെ വളരെ കുറച്ചു് ആളുകൾക്കുമാത്രമേ അതു വഴി ആശ്വാസം കിട്ടുന്നുള്ളു. അതുകൊണ്ടു് മത്സ്യത്തൊഴിലാളികൾക്കു് സാമൂഹ്യരക്ഷ ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികളടങ്ങുന്ന വിശദമായ ഒരു പദ്ധതിയുണ്ടാക്കേണ്ടതു് അത്യാവശ്യമാണു്. മത്സ്യത്തൊഴിലാളികളുടെ സ്ഥിതിയെക്കുറിച്ചു് പ്രമേയാവതാരകൻ പറഞ്ഞുകഴിഞ്ഞു. ഒരു പക്ഷെ, മത്സ്യത്തൊഴിലാളികളുമായി നേരിട്ടു ബന്ധപ്പെടാത്ത ആളുകൾക്കു് അതു് ഒരു കഥ പറയുന്നതുപോലെ തോന്നിയിരിക്കാം. അത്രമേൽ ദയനീയമാണു് അവരുടെ സ്ഥിതി. ഇവർക്കു് വേണ്ടത്ര തൊഴിലില്ലെന്നുള്ളതാണു് വളരെ പ്രധാനപ്പെട്ടകാര്യം. തൊഴിലുണ്ടെങ്കിലെ ജീവിക്കാനാവശ്യമായ വരുമാനം ലഭിക്കുകയുള്ളു. അപ്പോഴും മുഖ്യമായും അവരെസംബന്ധിച്ചിടത്തോളമുള്ള പ്രശ്നം തൊഴിലില്ലായ്മയാണു്.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കാണെങ്കിൽ ഏതാണ്ടു് 3 മാസത്തോളം മാത്രമാണു് തൊഴിൽ ലഭിക്കുന്നതു്. അല്ലാത്ത കാലങ്ങളിൽ വളരെ ചുരുക്കം ദിവസങ്ങളിൽ മാത്രമേ തൊഴിൽ കാണുകയുള്ളു. അല്ലാത്ത മാസങ്ങളിൽ യാതൊരു വരുമാനവും ലഭിക്കാത്തതുകൊണ്ടു് മിക്കവാറും ദിവസങ്ങളിൽ പട്ടിണിയും അർദ്ധപട്ടിണിയുമായി കഴിയേണ്ട സ്ഥിതിയാണു് ഉള്ളതു്. മത്സ്യം പിടിക്കാൻ പോകുന്ന പല ദിവസങ്ങളിലും അവർക്കു കിട്ടുന്ന വരുമാനം വളരെ തുച്ഛമാണു് ആ വരുമാനംകൊണ്ടു് മനുഷ്യരായി ജീവിതംമുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത ഒരു സാഹചര്യമാണുള്ളതു്: അവർക്കു് താമസിക്കാൻ വീടില്ല, ഉള്ള വീടുതന്നെ അതാതു കാലങ്ങളിൽ മേഞ്ഞു് മഴകൊള്ളാതെ കിടക്കാൻപോലും വരുമാനം ലഭിക്കുന്നില്ല. അതുകൊണ്ടാണു് പുര മേയുന്നതിനുവേണ്ടി അവർക്കു് സഹായധനം നൽകുന്നതു് ഈ കാര്യംമാത്രം ആലോചിച്ചാൽമതി അവരുടെ സാമ്പത്തികസ്ഥിതി എന്താണെന്നുമനസ്സിലാക്കാൻ അതുപോലുമതന്നെ കടലിൽ പോയി അപകടം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്കു് കാര്യമായി യാതൊരു സംരക്ഷണവും കിട്ടുന്നില്ല. 1957 മുതൽ കടലിൽപോയി മരിച്ച ആളുകളുടെ കുടുംബങ്ങൾക്കു് ആയിരം രൂപ വീതം ഫിഷറി റിലീഫ് ഫണ്ടിൽ നിന്നു് കൊടുക്കുന്നുണ്ടു്. 1957-ൽ നിശ്ചയിച്ച ആതുകതന്നെ ഇപ്പോഴും തുടർന്നു പോകുന്നതു് യാതൊരു തരത്തിലും നീതീകരിക്കാനാകാത്തതാണു്. ഈ സംഖ്യ വർദ്ധിപ്പിക്കേണ്ടതാണു് മാത്രമല്ല ഈ ആയിരം രൂപപോലും പല മത്സ്യത്തൊഴിലാളികൾക്കും കിട്ടുന്നില്ലെന്നുള്ളതു് ഒരു വസ്തുതയാണു്. ഇക്കാര്യം ബഹുമാനപ്പെട്ടമന്ത്രിയെ ഓർമ്മപ്പെടുത്തുകയാണു്. ഈയിടെ ചേറുവായിൽ നടന്ന അപകടത്തിന്റെ ഫലമായി മരണമടഞ്ഞ 3 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കും ഈ സംഖ്യ കിട്ടിയിട്ടില്ല. 1966 നവംബർ മാസം 9നു് ഉണ്ടായ അപകടംമൂലം മരണമടഞ്ഞ 8 തൊഴിലാളികളിൽ ഏതാനും ചില കുടുംബങ്ങൾക്കും ഇതെവരെ സഹായം ലഭിക്കാതെയുണ്ടു്. മത്സ്യത്തൊഴിലാളികൾ മരിച്ചുകഴിഞ്ഞാൽ അവരുടെ കുടുംബങ്ങൾക്കു് വേണ്ടസംരക്ഷണം നൽകുന്നതിനാവശ്യമായ നടപടികളെക്കുറിച്ചു ഞാൻ അഭ്യർത്ഥിക്കുന്നു. മത്സ്യത്തൊഴിലാളികൾക്കു് കൂടുതൽ യന്ത്രവൽക്കൃതബോട്ടുകൾ നൽകുകയും വീടുണ്ടാക്കുന്നതിനാവശ്യമായ നല്ല പദ്ധതികൾ കൂടുതൽ ആളുകൾക്കു് പ്രയോജനപ്പെടത്തക്ക രീതിയിൽ ആവിഷ്കരിക്കുകയും ചെയ്യണം. മത്സ്യത്തൊഴിലാളികൾക്കു് വീടുണ്ടാക്കികൊടുക്കുന്നതിനു് ഇന്നുള്ള പദ്ധതി തീരെ പര്യാപ്തമല്ല. അതുകൊണ്ടു് അതിനു് കൂടുതൽ തുക അലോട്ടുചെയ്യുന്നതിനു് അവശ്യമായ നടപടികളും സ്വീകരിക്കണം. മരിച്ചുപോയ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കു് സംരക്ഷണം ലഭിക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം ലഭിക്കുന്നതിനുവേണ്ടി ഒന്നുകിൽ കോമ്പൻസേഷൻ നൽകുകയോ അല്ലെങ്കിൽ ഇൻഷ്വറൻസു് ഏർപ്പെടുത്തുകയോ ചെയ്യണം ഇൻഷ്വറൻസു പോളസിയുടെ ചിലവു് സ്റ്റേയിറു് വഹിക്കണം. ഇക്കാര്യങ്ങളെല്ലാം നടപ്പിലാക്കുന്നതിനു് ആവശ്യമായ സാമ്പത്തികശേഷി സംസ്ഥാനഗവണ്മെന്റിനു് ഉണ്ടെന്നു്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ വിശ്വസിക്കുന്നില്ല. ഈ സംസ്ഥാനത്തു് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുവാനും തൊഴിൽ ലഭിക്കുവാനും കഴിവുള്ള ഒരു രംഗമാണു് മത്സ്യവ്യവസായരംഗം. ആ രംഗത്തിന്റെ വികസനത്തിനാവശ്യമായ ഫണ്ടു് കേന്ദ്രഗവണ്മെന്റിൽ നിന്നും ലഭിക്കുന്നതിനാവശ്യമായനടപടികളും സ്വീകരിക്കണമെന്നു ശ്രദ്ധിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ എൻ. പ്രഭാകരൻനാടാർ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണു്.

'പ്രമേയത്തിൽ" സുരക്ഷിതത്വത്തിനും" എന്നതിനുശേഷം "തൊഴിൽസൗകര്യത്തിനും" എന്നു കൂട്ടിച്ചേർക്കുക.

നമ്മുടെ സർക്കാർ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി വളരെയേറെ നല്ലകാര്യങ്ങളും ചെയ്യുന്നുണ്ടു്. മത്സ്യത്തൊഴിലാളികൾക്കു ബോട്ടുകൊടുക്കുന്നുണ്ടു്, മറ്റുചില തൊഴിൽ സൗകര്യങ്ങളൊക്കെ ചെയ്തുകൊടുക്കുന്നുണ്ടു്. പക്ഷേ ബോട്ടിന്റെ കാര്യത്തിൽ ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണു്. നമ്മുടെ നാട്ടിൽ പല സ്ഥലങ്ങളിലായി കടലോരങ്ങളിൽ 745 രൂപവരെ ഷെയറുള്ള ബോട്ടുസൊസൈറ്റികളുണ്ടു്. സൊസൈറ്റികൾക്കു ബോട്ടുകൊടുത്തുകഴിഞ്ഞാൽ അതിൽ മത്സ്യം പിടിക്കാൻ പോകണമെങ്കിൽ വലമുതലായ ഉപകരണങ്ങളും ആവശ്യമാണല്ലോ, അവകൊടുക്കുന്ന ഏർപ്പാടു് ഇല്ല. മത്സ്യത്തൊഴിലാളികൾക്കു് ബോട്ടു കിട്ടിക്കഴിഞ്ഞാൽപ്പിന്നെ ബാക്കിയുള്ള കാര്യങ്ങൾക്കു് കാശില്ല. അതുകൊണ്ടു് അവർ മധ്യവർത്തികളായ ആളുകളിൽനിന്നു് കാശ്രു് കടം വാങ്ങി വലയും മറ്റുപകരണങ്ങളും വാങ്ങി മത്സ്യം പിടിക്കാൻപോകും. അങ്ങനെ പോയി മത്സ്യം പിടിച്ചുകൊണ്ടുവന്നാലോ കിട്ടുന്നമത്സ്യമത്രയും കടത്തുകാരായ ആളുകൾക്കു് കൊടുക്കേണ്ടിവരുന്ന ഗതികേടാണു് ഇന്നുള്ളതു്. ഒരു ബോട്ടു കിട്ടിക്കഴിഞ്ഞാൽ മൂന്നുമാസം കഴിയുമ്പോൾ അതു് വർക്കു് ഷോപ്പിലായിരിക്കും. കാരണം മിഷ്യന്റെ അപര്യാപ്തതയാണു്. ഹെൽപ്പറീൻ ആണു് ബോട്ടുകളിൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിവുള്ള മിഷ്യൻ. അതേ സമയം കിർലോസ്കർ മുതലായ പ്രവർത്തനക്ഷമതയില്ലാത്ത മിഷ്യനാണു് വരുത്തിക്കൊടുക്കുന്നതു്. അതിനുള്ള കാരണം എന്താണു് ? എനിക്കറിയാവുന്നിടത്തോളം പറയുകയാണെങ്കിൽ ചില കമ്പനിക്കാരുമായുള്ള കൂട്ടുകെട്ടുകൊണ്ടാണു് ഈ മിഷ്യൻ തന്നെ വാങ്ങിക്കുന്നതു്. നാടൻ ഭാഷയിൽ പറഞ്ഞാൽ ഇതു് ഒരുതരം "തല്ലിപ്പൊളി" ഏർപ്പാടാണു്. നല്ലയന്ത്രങ്ങളും വാങ്ങിക്കൊടുക്കുകയാണെങ്കിൽ ഈ വിഷമമുണ്ടാകുകയില്ല. ജോലിയുണ്ടായാലുമില്ലെങ്കിലും ഇൻസ്റ്റാൾമെന്റു് കൃത്യമായി കൊടുക്കണം. വീട്ടിലാണെങ്കിൽ പട്ടിണിയും. ഇതിനിടയിൽ സക്കാരിനും കൊടുക്കണം കാശ്രു്. ഇങ്ങനെയുള്ള ഈ ഏർപ്പാടിൽനിന്നു് മത്സ്യത്തൊഴിലാളികളെ വിമുക്തരാക്കുന്നതിനുവേണ്ടി നല്ലതരം യന്ത്രങ്ങളും വാങ്ങിക്കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമെന്നാണു് എനിക്കു് അപേക്ഷിക്കാനുള്ളതു്. അയലവലയും ചാളവലയും ഉപയോഗിച്ചു് മീൻപിടിച്ചുകൊണ്ടിരുന്നവരുടെ വലകളും ഇന്നു് പ്രവർത്തനക്ഷമമല്ലാതായിരിക്കുകയാണു് കടലിൽ പോയി മീൻപിടിക്കുന്നതുപോലെതന്നെ കായലിൽനിന്നും മീൻ പിടിക്കുന്നവരും ഇന്നു് ധാരാളമുണ്ടു്. ഈ സക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ടേക്കറിനു് കരം ഇളവുചെയ്തുകൊടുത്തു, രണ്ടേക്കറിനു് ലെവി ഇളവുചെയ്തുകൊടുത്തു. കടലിൽനിന്നും മത്സ്യം പിടിക്കുന്നതിനു് ഊന്നിപ്പറയുന്നു എന്നുപറയുന്ന ഒരുതരം ഏർപ്പാടുണ്ടു്. എന്നാൽ അതിനുള്ള കരം ഇളവുചെയ്തുകൊടുത്തിട്ടില്ല. ആ കരവും ഇളവുചെയ്തുകൊടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. ശ്വാസംമുട്ടിച്ചെയ്യുന്ന ഒരു ജോലിയാണു് ഇതു്. ഇതിനു് 15 രൂപയാണു് കരം കൊടുത്തുകൊണ്ടിരിക്കുന്നതു്. അക്കാര്യം ഗവണ്മെന്റു് പ്രത്യേകം ശ്രദ്ധിക്കണമെന്നു് ഞാൻ വീണ്ടും അപേക്ഷിക്കുകയാണു്. അതുപോലെതന്നെ കടലോരങ്ങളിൽ താമസിക്കുന്ന ആളുകളുടെയെല്ലാം വീടുകളും സുന്ദരമായി പണിയിച്ചുകൊടുക്കണം. കാരണം എന്താണെന്നുചോദിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

കടികിടപ്പുകാരായ ആളുകൾക്ക് ഓലകെട്ടികെടക്കാൻ നിവൃത്തിയില്ല എന്നുള്ള താണ്. ഇക്കാര്യം കൂടി ഗവണ്മെൻറ് പരിഗണിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. വി. കുഞ്ഞാമു: സർ, 'പ്രമേയത്തിൽ "മത്സ്യത്തൊഴിലാളികളുടെ ജീവിതപുരോഗതിക്കും, സുരക്ഷിതത്വത്തിനുംവേണ്ടി" എന്നതിനുശേഷം "കേന്ദ്ര ഗവണ്മെൻറിൻെറ സഹായം തേടിയുംകൊണ്ട്" എന്നുകൂട്ടിചേർക്കുക എന്നുള്ള എൻെറ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

സർ, മത്സ്യ സമ്പത്തിൻെറ കാര്യത്തിൽ മുന്നോട്ട നിൽക്കുന്നത് നമ്മുടെ കൊച്ചു കേരളം തന്നെയാണ്. തലപാടി മുതൽ പാറശ്ശാലവരെ നീണ്ടുകിടക്കുന്ന, 300 നാഴികയിലധികം നീളമുള്ള കടലോരം നമുക്കുണ്ട്. കടലോരപ്രദേശങ്ങളിൽ താമസിക്കുന്ന ലക്ഷക്കണക്കിനു തൊഴിലാളികളുടെ ജീവിത പുരോഗതിക്കും സുരക്ഷിതത്വത്തിനുംവേണ്ടി ഒരു സംരക്ഷണപദ്ധതി ആവിഷ്ക്കരിക്കുന്നതിനുവേണ്ടി അടിയന്തിരമായി ഗവണ്മെൻറ് മുന്നോട്ട വരണമെന്നു് ആവശ്യപ്പെടുന്ന പ്രമേയാവതാരകൻെറ പ്രമേയത്തെ ഞാൻ സർവ്വാത്മനാ സ്വാഗതംചെയ്യുന്നു. ഈ സംരക്ഷണ പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ വമ്പിച്ച ബാധ്യതകൾ ഏറ്റെടുക്കാൻവേണ്ടി സ്റ്റേറ്റ് ഗവണ്മെൻറ് മുന്നോട്ടുവരണമെന്നാണ് പ്രമേയാവതാരകൻ ആവശ്യപ്പെട്ടിട്ടുള്ളതു്. സാമ്പത്തിക ഞെരുക്കംകൊണ്ട് വട്ടംകറങ്ങുന്ന കേരളത്തിനു് ഇത്രയധികം ബാധ്യതകൾ പ്രത്യേകിച്ചും ഈ അവസരത്തിൽ സ്റ്റേറ്റുഗവണ്മെൻറിനു് ഏറ്റെടുക്കാൻ സാധിക്കുമോ എന്നുള്ളകാര്യത്തിൽ എനിക്കു് വലിയ സംശയമുണ്ട്. അതുകൊണ്ടാണു് ഈ കാര്യത്തിൽ കേന്ദ്രഗവണ്മെൻറിൻെറ സഹായംകൂടെ തേടണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നതു്. മാത്രവുമല്ല അറബിക്കടലിൽനിന്നു നാം ശേഖരിക്കുന്നതായ മത്സ്യസമ്പത്തു് വിദേശരാജ്യങ്ങളിലേക്കു കയറ്റി അയയ്ക്കുന്നതിൻെറ ഫലമായി നമുക്കു കിട്ടേണ്ട വരുമാനം വിദേശനാണ്യത്തിൻെറ രൂപത്തിൽ കൈപ്പറ്റുന്നതു് കേന്ദ്രഗവണ്മെൻറാണു്. ജീവൻപണയംവച്ചുകൊണ്ടു് ഇത്രയധികം മത്സ്യസമ്പത്തു് കേന്ദ്ര ഗവണ്മെൻറിനു് സമ്പാദിച്ചുകൊടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടി നല്ല ഒരു തുക അനുവദിച്ചു തരണമെന്നു് നാം കേന്ദ്രത്തിനോടാവശ്യപ്പെടണം. തീർച്ചയായിട്ടും കേന്ദ്ര ഗവണ്മെൻറിൻെറ ധാർമ്മിക കടമകൂടിയാണു് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ സഹായിക്കുക എന്നുള്ളതു്. അതുകൊണ്ടു് ഈ ആവശ്യം നാം കേന്ദ്രഗവണ്മെൻറിൻെറ മുൻപിൽ വയ്ക്കുന്നതിനു് യാതൊരു മടിയും കാണിക്കേണ്ടതില്ല. എൻെറ ഭേദഗതി പ്രമേയാവതാരകൻ സ്വീകരിക്കുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കുഞ്ഞിരാമൻകിടാവു്: സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു. "പ്രമേയത്തിൽ 'സുരക്ഷിതത്വത്തിനുവേണ്ടി' എന്നു കഴിഞ്ഞു 'പാർപ്പിടസൗകര്യത്തിനു മുൻഗണന നൽകിക്കൊണ്ടു്" എന്നു കൂട്ടിച്ചേർക്കുക."

11 A. M.

ഇന്നു് മത്സ്യത്തൊഴിലാളികൾ വളരെയധികം വിഷമതകൾ അനുഭവിക്കുന്നുണ്ടു്. അതിനു് പരിഹാരം കാണേണ്ടതു് ഈ ഗവണ്മെൻറിൻെറ കർത്തവ്യമാണു്. ചില ഫ്ലർപ്പാട്ടുകൾ മത്സ്യത്തൊഴിലാളികളുടെ അഭിവൃദ്ധിക്കുവേണ്ടി ഈ ഗവണ്മെൻറ് എടുത്തിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നുണ്ടു്. പക്ഷെ അതുകൊണ്ടൊന്നും അവരുടെ തൊഴിലിൽ മുന്നോട്ടുവരാനോ അവരുടെ വിഷമതകൾക്കു് പരിഹാരം കാണാനോ സാധിച്ചിട്ടില്ലെന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. പാർപ്പിടത്തിൻെറ പ്രശ്നം ഒന്നാമതായി നാം കൈകാര്യം ചെയ്യേണ്ടതാണു്. ഗവണ്മെൻറിൽനിന്നും മത്സ്യത്തൊഴിലാളികൾക്കു് പുര മേയുന്നതിനു് ഗ്രാൻറ് നൽകുന്നുണ്ടു്. ഈ തുക അധികാരപ്പെട്ട ഉദ്യോഗസ്ഥൻ തക്ക സമയത്തിനു് നൽകുന്നില്ല. ഇങ്ങനെ ഒരു ദുരവസ്ഥ ഇവിടെ ഉണ്ടു്. ഇതിനു് അടിയന്തിരമായ പരിഹാരം കാണണം. മഴക്കാലം വന്നാൽ അവർക്കു് തൊഴിൽ ഇല്ല. കിടക്കാൻ പുരയില്ല, ഇങ്ങനെയൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള ദുരവസ്ഥയാണ് ഇന്നുള്ളത്. തൊഴിൽ ഇല്ലാത്തസമയത്ത് വല്ല സഹായവും കിട്ടത്തക്കവിധത്തിലുള്ള പദ്ധതികളാണ് ആവിഷ്ക്കരിക്കേണ്ടതാണ്. അവരുടെ പ്രവർത്തനഫലം അവർക്ക് തികച്ചും ലഭിക്കത്തക്കവിധമുള്ള പദ്ധതികളും ആവഷ്ക്കരിക്കേണ്ടതുണ്ട്. ഇന്ന് ഭക്ഷ്യപ്രശ്നത്തിൽ കേരളത്തിനു് വളരെയധികം സംഭാവന നൽകുന്ന തൊഴിലാളിവർഗ്ഗത്തെ നമുക്ക് വിസ്മരിക്കുവാൻ നിവ്വാഹമില്ല. ഒരു തൊഴിലാളിക്ക് ജീവിക്കാൻ വേണ്ട സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണ്. അതിൽ ഒന്നാമത്തേതു് പാർപ്പിടസൗകര്യം ഉണ്ടാക്കികൊടുക്കുകയെന്നുള്ളതാണ്. അതാണ് എന്റെ ഭേദഗതിയിൽ ആവശ്യപ്പെട്ടിട്ടുള്ളതു്. പാർപ്പിടപ്രശ്നം ഒരു തൊഴിലാളിയെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും മത്സ്യത്തൊഴിലാളിയെ സംബന്ധിച്ചിടത്തോളം, കടപ്പുറത്തെ വമ്പിച്ച കാറ്റും മഴയും നിമിത്തം വളരെ വിഷമിച്ചു കഴിയുന്ന മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒന്നാണ്. മഴക്കാലമായാൽ മത്സ്യത്തൊഴിലാളികൾക്ക് തൊഴിലില്ലാതെയും പാർപ്പിടസൗകര്യമില്ലാതെയും തെരുവുതോറും അലഞ്ഞുനടക്കുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളതു്. അതുകൊണ്ടാണ് മത്സ്യത്തൊഴിലാളികളുടെ അഭിവൃദ്ധിക്കുവേണ്ടി പദ്ധതി രൂപീകരിക്കുമ്പോൾ പാർപ്പിടസൗകര്യത്തിനു് മുൻഗണന നൽകണമെന്നു് എന്റെ ഭേദഗതികൂടി ആവശ്യപ്പെട്ടിട്ടുള്ളതു്. ഞാൻ ഈ പ്രമേയത്തെ പരിപൂർണ്ണമായി പിന്താങ്ങുന്നു.

ശ്രീ. ഒ. കോരൻ : ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ 2—ാമത്തെ വരിയിൽ 'ജീവിത പുരോഗതിക്കും' എന്നതിനു ശേഷം 'മഴക്കാലത്തുണ്ടാകാറുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും' എന്നു ചേർക്കുക'.

കാലവർഷം തുടങ്ങുമ്പോഴാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും വിഷമം അനുഭവപ്പെടുന്നതു്. കാലവർഷം തുടങ്ങിക്കഴിഞ്ഞാൽ അവർക്ക് തൊഴിൽ ചെയ്യാൻ സാധിക്കുന്നില്ല. ഈ അവസരത്തിൽ അവർ ജീവിക്കാൻ വേണ്ടി ഇടത്തട്ടുകാരുമായി കരാറിലേർപ്പെടുന്നു. അങ്ങനെ കരാറിലേർപ്പെട്ടുകഴിഞ്ഞാൽ വർഷം മുഴവനും ആ തൊഴിലാളി ഇടത്തട്ടുകാരൻ നിശ്ചയിക്കുന്ന തോണിയിൽ മാത്രമെ മത്സ്യം പിടിക്കുവാൻ പാടുള്ളൂ. എല്ലാ സ്ഥലത്തും മത്സ്യസഹകരണസംഘങ്ങൾ രൂപീകരിച്ചു വളർത്തിയെടുക്കുവാൻ സാധിക്കാത്തതുകൊണ്ടു് ഇന്നും ഈ ചൂഷണ സമ്പ്രദായം അവസാനിച്ചിട്ടില്ല. അതുകൊണ്ടു് ഈ തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി ഇന്നു രൂപീകരിച്ചിട്ടുള്ള മത്സ്യസഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും കൂടുതൽ മത്സ്യസഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

കേരളത്തിലെ ഗുരുതരമായിട്ടുള്ള ക്ഷ്യക്ഷാമം പരിഹരിക്കുന്നതിനു മത്സ്യത്തൊഴിലാളികൾ ഒരു വലിയ സംഭാവനയാണ് ചെയ്യുന്നതു്. വിശേഷിച്ചും ആരോഗ്യകരമായ ക്ഷണസാധനം പ്രദാനം ചെയ്യുന്നുവെന്ന കാര്യത്തിൽ സംശയമില്ല. കൂടാതെ നമ്മുടെ നാട്ടിൽ പിടിക്കുന്ന മത്സ്യങ്ങൾ വിലപ്പെട്ടതും മറുവിദേശരാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കാവുന്നതുമാണ്. അങ്ങനെ നമുക്ക് വിദേശനാണ്യം സമ്പാദിക്കുന്നതിലും വലിയ ഒരു സംഭാവന നൽകുന്നുണ്ട്. ഇവിടെ പഞ്ചവത്സരപദ്ധതികൾ നടപ്പിൽ വന്നുകഴിഞ്ഞിട്ടും ഏറ്റവും പ്രധാനമായിട്ടുള്ള ഈ തൊഴിൽവിഭാഗത്തിനു യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്നുള്ളതു് ഒരു നിത്യസത്യമായി അവശേഷിക്കുകയാണ്. മത്സ്യസമ്പത്തിനെക്കുറിച്ചു് ഈയിടെ കൊല്ലത്തുനടന്ന സർവ്വെയിൽ ചെമ്മീനിന്റെ ഖനനം വളരെയധികം ഉള്ളതായിട്ടാണ് മനസ്സിലാക്കാൻ സാധിച്ചതു്. ചെമ്മീൻ കയറ്റി അയച്ചു് കേന്ദ്രഗവണ്മെൻറു് വളരെയധികം വിദേശനാണ്യം സമ്പാദിക്കുന്നുണ്ടു്. ഇതെല്ലാം ചൂഷണം ചെയ്തിട്ടും ഈ വിഭാഗത്തിന്റെ പുരോഗതിക്കുവേണ്ടി കാര്യമായൊന്നും കേന്ദ്രഗവണ്മെൻറു് ചെയ്യുന്നില്ല. ഈ അടുത്തകാലത്തു് കൽക്കട്ടാസിറ്റി ഇംപ്രൂവ്മെൻറു് നടത്തിയതു് വിദേശരാജ്യത്തുനിന്നും കോടിക്കണക്കിനു് [illegible]

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ കോടിക്കണക്കിന് പണം സമ്പാദിക്കാൻ സാധിക്കുന്ന ഈ മത്സ്യ സമ്പത്തു്, വിദേശകമ്പനികളുമായി ബന്ധം പുലത്തി വിദേശകമ്പോളങ്ങളിലേക്കു് കയറ്റി അയച്ചാൽ മാത്രമെ നമുക്കു് പണമുണ്ടാക്കാൻ സാധിക്കുകയുള്ള. അങ്ങനെ പണമുണ്ടാക്കിയാൽ മാത്രമെ മത്സ്യത്തൊഴിലാളികളുടെ പുരോഗതിക്കുവേണ്ടിയുള്ള പദ്ധതി ആവിഷ്ക്കരിക്കുവാൻ സാധിക്കുകയുള്ള. മത്സ്യത്തൊഴിലാളികളുടെ ജീവിതരീതിയെ തുറന്നുകാട്ടുന്ന സുപ്രസിദ്ധ നോവലായ ചെമ്മീൻ സിനിമയാക്കുകയും സിനിമയ്ക്കു് അവാർഡു ലഭിക്കുകയും ചെയ്തതോടെ നമ്മുടെ മത്സ്യസമ്പത്തിനെക്കുറിച്ചു് വിദേശരാജ്യങ്ങളിൽപോലും അറിയാൻ ഇടയായിട്ടുണ്ടു്. ഇങ്ങനെയൊക്കെയാണെങ്കിലും

"അവശന്മാരാത്തന്മാരാലാംബഹിനന്മാ—

രവരുടെ സങ്കടമാരറിവാൻ"

ഈ വിഭാഗത്തിന്റെ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുവേണ്ടി ഏറ്റവും അടിയന്തിരമായ ഒരു പദ്ധതിയുമായി മുന്നോട്ടുവരേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ചെയർമാൻ (ശ്രീ. ഇ ചന്ദ്രശേഖരൻ നായർ) : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. കെ. കേളപ്പന്റെ ഭേദഗതി ഓർഡറിലല്ല, അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർക്കു് പ്രമേയത്തെ അനുകൂലിച്ചു സംസാരിക്കാവുന്നതാണു്,

ശ്രീ. എം. കെ. കേളപ്പൻ : കേരളത്തിനു വളരെയധികം വിദേശനാണ്യം ഉണ്ടാക്കിക്കൊടുക്കുന്നതു് ഈ മത്സ്യത്തൊഴിലാളികളാണു്. അതേ സമയം വളരെയധികം വിഷമത അനുഭവിക്കുന്ന ഒരു വിഭാഗവും കേരളത്തിൽ വേറെയില്ല. അവർക്കു് തൊഴിൽ ചെയ്യുന്നതിനുള്ള സൗകര്യമില്ല, പാർപ്പിടസൗകര്യമില്ല, മറ്റെല്ലാ കാര്യങ്ങളിലും ഇവർ ദരിദ്രരാണു്. ഗവണ്മെന്റിൽനിന്നും അവർക്കു് വീടു മേയുന്നതിനു് അനുവദിച്ചിട്ടുള്ള സംഖ്യ കിട്ടുന്നതു് ഏതാണ്ടു് മഴക്കാലം എത്തിക്കഴിഞ്ഞതിനുശേഷമാണു്. അതും പതിനഞ്ചോ മുപ്പതോ രൂപ മാത്രമാണുള്ളതു്. ഇവരുടെ ഇന്നത്തെ ദുരിതപൂർണ്ണമായ ജീവിതത്തിനു് വിരാമമിടാൻ അടിയന്തിരമായ നടപടികൾ എടുക്കണമെന്നുള്ള എന്റെ ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി : ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. "പ്രമേയത്തിൽ 'സുരക്ഷിതത്വത്തിനു' എന്നതിനുശേഷം 'വേണ്ടി' എന്നതിനു മുമ്പായി 'സ്ഥിരമായ തൊഴിൽ നൽകുന്നതിനും' എന്നു കൂട്ടിച്ചേർക്കുക"

മത്സ്യത്തൊഴിലാളികളുടെ ജീവിത പുരോഗതിക്കും സുരക്ഷിതത്വത്തിനുംവേണ്ടി ഒരു പദ്ധതി ആവിഷ്ക്കരിച്ചു് നടപ്പിലാക്കാൻ ഗവണ്മെന്റു് അടിയന്തിര നടപടി കൈക്കൊള്ളണമെന്ന ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ പദ്ധതി ആവിഷ്ക്കരിക്കുന്നതിനായി രണ്ടു കാരണങ്ങളാണു് പ്രമേയത്തിൽ കാണുന്നതു്. ഒന്നു് മത്സ്യത്തൊഴിലാളികളുടെ ജീവിത പുരോഗതിക്കുവേണ്ടി, രണ്ടു് സുരക്ഷിതത്വത്തിനുവേണ്ടി സ്ഥിരമായ തൊഴിൽ നൽകുന്നതിനുവേണ്ടി എന്നുകൂടി ചേർക്കണമെന്നാണു് എന്റെ ഭേദഗതി. സർ, മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സങ്കീർണ്ണമാണു്. ഇവരുടെ പ്രശ്നങ്ങളെക്കുറിച്ചു് ചിന്തിക്കാൻപോലും ഇതുവരെ ആരും മിനക്കെട്ടിട്ടില്ലെന്നുള്ളതു് ഒരു വസ്തുതയാണു്. കടലുമായി മല്ലിട്ടു് തൊഴിൽചെയ്യുന്ന ഈ വിഭാഗം ജനങ്ങൾ എല്ലാവിധ വിഷമതകളും അനുഭവിച്ചു് ജീവിച്ചുവരികയാണു്. അവർക്കു് താമസിക്കുവാൻ വീടു് ഇല്ല, സ്ഥലമില്ല ; അവർക്കു് ജോലിയില്ല, ഉള്ള ജോലിതന്നെ കൊല്ലം മുഴുവനും കിട്ടുന്നില്ല, ശുചീകരണ സൗകര്യങ്ങൾ തീർപ്പാക്കുകയും ആ പ്രദേശത്തു് ഇല്ല. ഇങ്ങിനെ നീണ്ടുപോകുന്ന അവരുടെ പ്രശ്നങ്ങളുടെ പട്ടിക അവരുടെ പ്രശ്നങ്ങൾ എന്തെല്ലാമാണെന്നു് വിശദമായി അന്വേഷണം നടത്തി റിപ്പോർട്ടു വരുത്തിയതിനുശേഷം അവരുടെ ക്ഷേമത്തിനു ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണമെന്നാണു് എനിക്കു ബഹുമാനപ്പെട്ട മന്ത്രിയോടു് ആവശ്യപ്പെടാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ അറിവ് ശരിയാണെങ്കിൽ 20 കൊല്ലംകൊണ്ട് നടപ്പിലാക്കാൻ കഴിയുന്ന ഒരു ഫിഷറീസ് മാസ്റ്റർപ്ലാൻ അന്തരിച്ചുപോയ ശ്രീ. കരിക്കം ആവിഷ്ക്കരിച്ചിട്ടുണ്ട്. അതു അടിയന്തിരമായി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. സർ, ഇന്നവക്ക് വീടുകെട്ടിക്കൊടുക്കുന്നതിനു വേണ്ടി ഈ ഗവണ്മെന്റ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. അവരുടെ വീട് മേയുന്നതിനു് തുക കൊടുക്കുകയും ചെയ്യുന്നുണ്ട്. ഈ തുക മത്സ്യത്തൊഴിലാളികൾക്ക് യഥാകാലം കിട്ടുന്നില്ലെന്നാണ് എന്റെ അറിവ്. അവക്ക് വില്ലേജാഫീസറുടെ ദയാകടാക്ഷണ്യത്തിനുവേണ്ടി മുട്ടുകുത്തേണ്ട ഗതികേടാണ് ഇന്നുള്ളതു്. വില്ലേജാഫീസർക്ക് ഇഷ്ടപ്പെട്ടവർക്ക് കൊടുക്കുകയും അല്ലാത്തവക്ക് കൊടുക്കാതെയും ഇരിക്കുന്ന ഒരു നടപടിയാണ് ഇന്നു് ഇവിടെ നടക്കുന്നതു്. ഇതു് സംബന്ധിച്ചു് വിശദമായ ഒരു കണക്ക് ഗവണ്മെൻറിന്റെ മുമ്പാകെ ഉണ്ടായിരിക്കുകയും അതനുസരിച്ചു് ശരിയായ വിധത്തിൽ വിതരണം ചെയ്യുകയും ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്. പുറമ്പോക്കിൽ മുപ്പത്തുമുപ്പത്തെട്ട കൊല്ലമായി കുഴിക്കൂറു വച്ചുണ്ടാക്കി പുരവെച്ചു താമസിക്കുന്നവരെ ഒഴിപ്പിക്കുന്ന നടപടി പല സ്ഥലങ്ങളിലും എടുത്തുവരികയാണ്. അതെല്ലാം അവർക്കുതന്നെ കൊടുക്കണമെന്ന നയം സ്വീകരിച്ചു കഴിഞ്ഞുവെങ്കിലും അതിനുള്ള നടപടികളും ഇതുവരെ എടുത്തു കാണുന്നില്ല. അതുപോലെതന്നെ അവക്ക് ശ്രദ്ധജലവിതരണംപോലും ഏർപ്പെടുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. "വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിക്കാനില്ലെങ്ങും" എന്നു പറഞ്ഞതുപോലെ കടൽ മുഴുവൻ വെള്ളമാണെങ്കിലും ഈ പ്രദേശത്തുള്ളവക്ക് കുടിക്കാൻ വെള്ളമില്ല. ഈ വക സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളെല്ലാം ഉൾക്കൊള്ളിച്ചുക്കൊണ്ട് വിശദമായ റിപ്പോർട്ട വരുത്തി എന്തെല്ലാമാണ് ആവശ്യമെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

കൊല്ലത്തിൽ രണ്ടുമൂന്നുമാസം മാത്രമാണ് ഇവക്ക് തൊഴിൽ കിട്ടുന്നതു്. ഈ തൊഴിൽ തന്നെ വാസ്തവത്തിൽ ഇന്നു് അവക്ക് നഷ്ടമായിരിക്കുകയാണ്. എനിക്ക് പല സ്ഥലങ്ങളിൽനിന്നും നിവേദനങ്ങളും കിട്ടിയിട്ടുണ്ട്; കൊച്ചിയിൽനിന്നുള്ള വലിയ കപ്പലുകൾ താനൂർ മുതലായ പ്രദേശങ്ങളിൽ വന്നു് വിപുലമായ തോതിൽ മത്സ്യം പിടിക്കുന്നതുകൊണ്ട് ചെറിയ വള്ളങ്ങളിൽ പോയി മത്സ്യംപിടിച്ചു ജീവിക്കുന്ന തൊഴിലാളികൾക്ക് തൊഴിലില്ലാതായിരിക്കുകയാണ്. അതുകൊണ്ട് വലിയ കപ്പലുകൾ ആഴക്കടലിൽനിന്നു മാത്രം മത്സ്യം പിടിക്കണമെന്നു നിർദ്ദേശിക്കുകയും ചെറിയ വള്ളങ്ങളിൽ പോയി മത്സ്യംപിടിക്കുന്ന തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനാവശ്യമായ നടപടികളും എടുക്കുകയും ചെയ്യണമെന്നും, കൊല്ലം മുഴുവനും ഈ തൊഴിലാളികൾക്ക് തൊഴിൽ കിട്ടത്തക്ക ഒരു പദ്ധതി ആവിഷ്കരിച്ചുകൊണ്ടുവന്നു് ഈ കടലോരപ്രദേശങ്ങളിൽ ആവശ്യമായ വ്യവസായങ്ങളും ഉണ്ടാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പ്രമേയത്തിൽ "സുരക്ഷിതത്വത്തിനുവേണ്ടി" എന്നതിനും "ഒരു" എന്നതിനുമിടയ്ക്കു് താഴെ പറയുന്ന ഭാഗം കൂട്ടിച്ചേർക്കുക. "കടലിലും കായലിലും മത്സ്യം പിടിച്ചുപജീവനം കഴിക്കുന്നവരെ ഉദ്ദേശിച്ചു"".

സർ, കടൽ മത്സ്യത്തൊഴിലാളികൾ കായൽ മത്സ്യ തൊഴിലാളികൾ എന്നീ രണ്ടു തരം തൊഴിലാളികളേയും ഇത്തരം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് രണ്ടു കൂട്ടരേയും ഉദ്ദേശിച്ചുള്ള പദ്ധതി വേണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നതു്. യഥാർത്ഥ മത്സ്യത്തൊഴിലാളികളുടെ ജീവിതം നന്നാക്കാൻ ഉദ്ദേശിച്ചുകൊണ്ടു് ഇന്നുണ്ടാക്കിയിട്ടുള്ള പദ്ധതികളുടെ ഭൂരിഭാഗവും ഗുണവും ഇന്നനുഭവിക്കുന്നതു് കടലിൽ നിന്നു് മത്സ്യംപിടിച്ചു ജീവിക്കുന്ന തൊഴിലാളികൾ മാത്രമാണ്. കടലിൽനിന്നു മത്സ്യംപിടിച്ചു് ജീവിക്കുന്ന തൊഴിലാളികളെ ഉദ്ദേശിച്ചു മാത്രമാണ് ഇന്നു് ഇത്തരം പദ്ധതികളുള്ളതു്. അതുപോലെതന്നെ മത്സ്യസമ്പത്തു് ശരിയായി പോഷണം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികളും കടൽ മത്സ്യത്തെ സംബന്ധിച്ചിടത്തോളം മാത്രമാണുള്ളതു്"". ആ അടിസ്ഥാനത്തിൽത്തന്നെയാണ് ഫിഷർമെൻ ഡവലപ്പ്മെന്റ

LIBRARY ARCHIVES Kerala Legislative Assembly

സ്കീമുകൾ ഉള്ളതും. അതിന്റെ ഫലമായി, കായലിൽനിന്ന് മത്സ്യംപിടിച്ച് ഉപ ജീവിക്കേണ്ട ലക്ഷക്കണക്കിന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മത്സ്യ ത്തൊഴിലാളികളുടെ ഗ്രണത്തിനുവേണ്ടിയുള്ള പദ്ധതികളുടെയൊന്നും ഗ്രണം ലഭിക്ക ന്നില്ല. അവരുടെ അഖിലകേരളാടിസ്ഥാനത്തിലുള്ള സംഘടന ശക്തമായി ഈ കാര്യ ങ്ങൾ ഗവണ്മെൻറിന്റെ മുൻപിൽ കൊണ്ടുവന്നിട്ടുണ്ട്. അങ്ങിനു പരിഹാരം കാണേ ണ്ടിയിരിക്കുകയാണു്. അതുകൊണ്ടു് കായലിൽനിന്നു മത്സ്യംപിടിച്ചു ജീവിക്കുന്ന ആളുകളുടെ ജീവിതം നന്നാക്കാൻ ആവശ്യമായ പദ്ധതികൂടി കൊണ്ടുവരണ മെന്നാണു് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ഇന്നു് കായലിൽനിന്നു മത്സ്യം പിടിക്കുന്നവർക്കു് അതു് കരയ്ക്കുടുപ്പിച്ചുകൊണ്ടുപോകാനുള്ള സൗകര്യംപോലുമില്ല. ഈ സ്ഥിതിവിശേഷംമൂലം വളരെ ബുദ്ധിമുട്ടുണ്ടു്. കൂട്ടത്തലും കൂടികിടപ്പുകാരായതു കൊണ്ടു് അവർ കായലോരപ്രദേശങ്ങളിൽ ഇടതിങ്ങിത്താമസിക്കുന്ന സമ്പ്രദായമാണ ള്ളതു്. അവരെ ഉദ്ദേശിച്ചു് ഒരു കോളനൈസേഷൻ പദ്ധതി ഉണ്ടായിരുന്നെങ്കിലും കേന്ദ്രഗവണ്മെൻറിന്റെ ഗ്രാൻറു കിട്ടുന്നില്ലെന്നുള്ളതുകൊണ്ടു് ആ പദ്ധതി നിറുത്തി വച്ചിരിക്കുകയാണു്. മത്സ്യം പിടിച്ചു കൊണ്ടുവന്നാൽ അതു് ചീഞ്ഞുപോകുന്നതിനു മുൻപു് റോഡിൽ എത്തിക്കാൻപോലുമുള്ള സൗകര്യമില്ല. കായലിൽനിന്നു പിടി ക്കുന്ന മത്സ്യം മാർക്കറ്റിലെത്തിക്കുന്നതിനു വേണ്ട സൗകര്യം ഉണ്ടാക്കുന്നതിനും അവ രുടെ ജീവിതം നന്നാക്കുന്നതിനും വേണ്ട പദ്ധതികളുണ്ടാകണം. ഭവനനിർമ്മാണ പദ്ധതിയും അതുപോലെതന്നെ മത്സ്യം കിട്ടാത്ത വർഷകാലത്തു് കായൽ മത്സ്യ ത്തൊഴിലാളികൾക്കു് തൊഴിലുണ്ടാക്കുന്നതിനുള്ള വ്യവസായങ്ങളും ഏർപ്പെടുത്തുന്ന തിനും ആവശ്യമായ പരിപാടികൾകൂടി വേണം എന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുകയാണു്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : സർ, വിദേശനാണയം സമ്പാദിക്കാൻ സാദ്ധ്യതയുള്ളതരത്തിൽ വിപുലമായ രീതിയിൽ മത്സ്യംപിടിക്കുന്ന ഈ രാജ്യത്തെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതപൂർണ്ണമായ ജീവിതത്തെ സംബന്ധി ച്ചിടത്തോളം ഇവിടെ നമ്മുടെ ബഹുമാനപ്പെട്ട സാമാജികന്മാർ സംസാരിച്ചുകഴി ഞ്ഞിരിക്കുകയാണു്. ഏറ്റവും അടിത്തട്ടിൽക്കിടക്കുന്ന ഈ വിഭാഗത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി എത്രമാത്രം തുക ചിലവഴിച്ചാലും മതിയാകയില്ലെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. മെക്കനൈസ്ഡ് ബോട്ടുകൾ വിതരണംചെയ്യ തിന്റെ ഫലമായി സഹകരണമേഖലയിൽക്കൂടി പ്രവർത്തനം കൊണ്ടുവരാൻ സാധി ച്ചെങ്കിലും ഈ യന്ത്രീകൃതബോട്ടുകൾക്കു് സബ്സിഡി അനുവദിച്ചതു് നിറുത്തൽ ചെയ്തതിന്റെ ഫലമായി വളരെ വിഷമതകൾ - അനുഭവിച്ചുവരുന്നു എന്നുള്ളതു് ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണു്. 25 ശതമാനം സബ് സിഡി അനുവദിച്ചിട്ടുണ്ടു്. എന്നാൽ ഈ വർഷത്തോടുകൂടി സബ്സിഡി നിറുത്ത ലാക്കിയതിന്റെ ഫലമായി, വിലപിടിച്ച ഈ യന്ത്രീകൃത ബോട്ടുകളുടെ വില മത്സ്യംവിറ്റതന്നെ ഉണ്ടാക്കേണ്ട പരിതഃസ്ഥിതി ഏറ്റവുമധികം അവരെ വേദനി പ്പിക്കുന്ന എന്നകാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണു്. ഏറ്റവും വേഗം ഈ സബ്സിഡി പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരി ക്കണമെന്നു് അപേക്ഷിക്കുന്നു.

ഫിഷറീസ് കോർപ്പറേഷൻ ഭീമമായ സംഖ്യ നഷ്ടംവരുത്തി ധൂർത്തടിക്കുന്നതിനു പകരം ആ സംഖ്യ ഈ തൊഴിലാളികൾക്കു് പാർപ്പിടസൗകര്യങ്ങളുണ്ടാക്കാൻ ചെലവഴിച്ചിരുന്നെങ്കിൽ അതൊരു നേട്ടമാകുമായിരുന്നു. നരകയാതനയനുഭവിക്കുന്ന ഈ തൊഴിലാളികൾക്കു് ആശ്വാസം നൽകുന്നതിനായി ഒരു ഹൗസിംഗ്—കോളനൈ സേഷൻ പദ്ധതി ആവിഷ്ക്കരിച്ചു് കുറേക്കൂടി നല്ല പാർപ്പിടസൗകര്യങ്ങളുണ്ടാക്കി അവരെ സഹായിക്കണമെന്ന അഭിപ്രായമാണെനിക്കുള്ളതു്.

ശ്രീ. ജി. ഗോപിനാഥൻ പിള്ള : സർ, In the resolution after the word "സുരക്ഷിതത്വത്തിനുവേണ്ടി" add the word "സഹകരണാടിസ്ഥാനത്തിൽ" എന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടി ഒരു പദ്ധതി ആവിഷ്കരിച്ച് അവർക്കുവേണ്ട സഹായങ്ങളും ചെയ്തുകൊടുക്കേണ്ടതു് വളരെ ആവശ്യമാണു്. കടൽക്കരയിൽ ഉള്ളവരായിരുന്നാലും കായൽക്കരയിലുള്ളവരായിരുന്നാലും ഒരേക്കറിൽ പത്തുനാല്പതു കുടിലുകളും വച്ചു് തിങ്ങിഞെരുങ്ങിത്താമസിക്കുകയാണു്. മനുഷ്യോചിതമായ യാതൊന്നുമില്ലാതെ വിഷമിക്കുന്ന അവർക്കു് വേണ്ട സംരക്ഷണം കൊടുക്കേണ്ടതു് തൊഴിലാളികളുടേതെന്നഭിമാനിക്കുന്ന ഒരു ഗവണ്മെൻറിൻെറ പ്രഥമിക കടമയാണു്. അതു് ശരിയായി നിർവ്വഹിക്കണമെങ്കിൽ സഹകരണാടിസ്ഥാനത്തിൽ അല്ലാതെ സാധിക്കുകയില്ല. അതുകൊണ്ടു് അവരുടെ സംരക്ഷണത്തിനുവേണ്ടി സഹകരണാടിസ്ഥാനത്തിലുള്ള പദ്ധതികളും ആവിഷ്കരിച്ചു് വേണ്ട സഹായം ചെയ്യണമെന്നാണു് എനിക്കു പറയുവാനുള്ളതു്. പാർപ്പിട സൗകര്യങ്ങളും ഏർപ്പെടുത്തുമ്പോഴും സഹകരണസംഘങ്ങൾക്കു് മുൻഗണന നൽകണം. ഡിസ്ട്രിക്റ്റു് ഡെവലപ്പുമെൻറു് കൗൺസിലിലും മറ്റും പങ്കെടുക്കുമ്പോഴും, ഫിഷറീസിൻെറ ഭാഗത്തേയ്ക്കു് നീക്കിവച്ചിട്ടുള്ള തുകകളും മുഴുവനും ലാപ്സായിപ്പോകാറുള്ളതായി കാണാറുണ്ടു്. ഇങ്ങനെയുള്ള ന്യൂനതകളും ഉണ്ടാകാതെ ആ തൊഴിലാളികൾക്കു് വേണ്ട പാർപ്പിട സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കേണ്ടതു് അത്യാവശ്യമാണു്. ചാകര സീസൺ വരുമ്പോഴും അവർ ആഹ്ലാദിക്കാറുണ്ടെന്നു് കേട്ടിരിക്കുമല്ലോ. പക്ഷെ അപ്പോഴും അവർക്കുണ്ടാകുന്ന നേട്ടം യഥാർത്ഥത്തിൽ മദ്ധ്യഷ്ടാപ്പുകാർ ഉപയോഗപ്രദമാക്കുകയാണു് ചെയ്യാറുള്ളതു്. ആലപ്പുഴയിലും മറ്റും ഇതാണു് കാണുന്നതു്. അതിനൊന്നുമിടവരാതെ സഹകരണസംഘങ്ങളും മാതൃകാപരമായി സംഘടിപ്പിക്കുന്നതിനു് ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്തു പ്രവർത്തിക്കണമെന്നും അങ്ങനെ, മത്സ്യം പിടിച്ചു് ഉപജീവനംകഴിക്കുന്ന തൊഴിലാളികളെ സംരക്ഷിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എൻെറ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

പഞ്ചായത്തും സാമൂഹികവികസനവും മന്ത്രി (ശ്രീ.കെ.അവുക്കാദർകുട്ടിനഹ ഹാജി): സർ, നമ്മുടെ സംസ്ഥാനത്തു ലക്ഷക്കണക്കായുള്ള മത്സ്യത്തൊഴിലാളികളുടെ അവശതകളെ സംബന്ധിച്ചും, അവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കേണ്ട ആവശ്യകതയെക്കുറിച്ചും ബഹുമാനപ്പെട്ട പ്രമേയാവതാരകനും മറ്റു മെമ്പറന്മാരും പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാനും യോജിക്കുകയാണു്. മത്സ്യത്തൊഴിലാളികളുടെ കഷ്ടപ്പാടുകളും നേരിട്ടറിയാവുന്ന ഒരു വ്യക്തിയെന്ന നിലയിൽ ഇന്നു നമ്മുടെ സ്റ്റേറ്റു് അവർക്കുവേണ്ടി ചെയ്യുന്ന ആനുകൂല്യങ്ങളും ഒട്ടും പര്യാപ്തമല്ലെന്നു ഞാൻ തുറന്നു സമ്മതിക്കുകയാണു്. എന്നാൽ ഇവിടത്തെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിനുവേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കണമെന്നുള്ള പ്രമേയത്തിൻെറ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് സംസാരിച്ച ബഹുമാനപ്പെട്ട മെമ്പറന്മാർ ഉന്നയിച്ച പല പദ്ധതികളും ഇന്നു നടപ്പിലുണ്ടെന്നുള്ള യാഥാർത്ഥ്യം അവർക്കുതന്നെ എന്നെക്കാളേറെ അറിയാമെന്നാണു് എൻെറ വിശ്വാസം.

ഏറ്റവും പ്രാധാന്യത്തോടുകൂടി ഇവിടെ പ്രകടിപ്പിച്ചതു് കടലമ്മ അപഹരിച്ചുപോകുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കു യാതൊരു സഹായവും ലഭിക്കുന്നില്ലെന്നുള്ളതായിരുന്നു. അതു ശരിയല്ല. ഫിഷർമെൻസു് റിലീഫു് ഫണ്ടു് എന്നൊരു പദ്ധതി ഇന്നു നിലവിലുണ്ടു്. ആ ഫണ്ടിൽനിന്നു് അപകടകരമായ നിലയിൽ മരണപ്പെട്ടുപോകുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കു 1000 രൂപവീതം സഹായധനം നൽകുന്ന ഒരു പദ്ധതി നിലവിലുണ്ടെന്നുള്ളതു ഒരു യാഥാർത്ഥ്യമാണു്. അതനുസരിച്ചു് കഴിഞ്ഞകൊല്ലം 25000 രൂപയിലധികം ചെലവഴിച്ചിട്ടുണ്ടു്. ഈ വർഷം മൂന്നുനാലു മാസത്തിനുള്ളിൽ 13000-ൽപരം രൂപ ചെലവഴിച്ചിട്ടുണ്ടു്. കൂടാതെ ഹൗസിംഗുസ്കീം സംബന്ധിച്ചായാലും സാമൂഹികക്ഷേമ പ്രവർത്തനങ്ങളും സംബന്ധിച്ചായാലും, മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചായാലും, മത്സ്യബന്ധനയന്ത്രങ്ങളുടെയിനിംഗിനെ സംബന്ധിച്ചായാലും ഇന്നു് വിവിധ പരിപാടികളും നിലവിലുണ്ടു്, അവ നടപ്പാക്കിക്കൊണ്ടി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുകയുമാണു്. അതേ സന്ദർഭത്തിൽ, ലക്ഷക്കണക്കായ മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ, അവരുടെ വിപുലമായ ആവശ്യങ്ങൾ, ഗവണ്മെൻറിന്റെ പരിമിതമായ കഴിവുകളിൽ ഒതുങ്ങിനിന്നുകൊണ്ടു് വളരെ വേഗം ചെയ്തുതീർക്കണമെന്നു പറഞ്ഞാൽ അതു പ്രയോഗത്തിൽ കൊണ്ടുവരാൻ വിഷമമാണെന്നു സംശയിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാർ സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്. ഏറ്റവും അധികം കഷ്ടപ്പാടുകൾ നേരിടുന്ന ഒരു കാലാവസ്ഥ വർഷംതോറും അവർക്കു നേരിടേണ്ടി വരുന്നുണ്ടു്. പല മാസങ്ങളിലും മത്സ്യബന്ധനം നടത്താൻ സാധിക്കാത്തതുമൂലം, മറ്റു തൊഴിൽചെയ്തു പരിചയമില്ലാത്ത അവർ യാതൊരു തൊഴിലുംചെയ്യാൻ കഴിയാതെ മുഴപ്പട്ടിണിയിൽ കഴിയേണ്ടിവരുന്ന ഒരു സാഹചര്യം ഉണ്ടെന്നുള്ളതു ഒരു വസ്തുതയാണു്. അങ്ങനെയുള്ള അവസരങ്ങളിൽ മറ്റെന്തെങ്കിലും ഉപതൊഴിലുകൾ സംസ്ഥാനാടിസ്ഥാനത്തിൽ ആരംഭിക്കാൻ ആലോചിക്കുകയും അതിനൊരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നതിനെപ്പറ്റി സ്റ്റേറ്റു് ഫിഷറീസു് അഡ്വൈസറി കമ്മിറ്റി ചർച്ച നടത്തുകയുണ്ടായി. അതിന്റെ പ്രായോഗികതയെ സംബന്ധിച്ച ചർച്ചകൾക്കിടയിൽ, വിവിധാഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ടു്. ഒരു പ്രദേശത്തു് ഇന്ന വ്യവസായം വേണം, മറ്റൊരു പ്രദേശത്തു് വേറൊരു വ്യവസായം വേണം എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ പൊതുവെ ചർച്ചചെയ്തുകഴിഞ്ഞ ഫിഷറീസു് അഡ്വൈസറി ബോർഡുയോഗത്തിൽ ചില ധാരണകൾ ഉണ്ടാക്കിയിട്ടുണ്ടു്. മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങൾവഴി ഓരോ പ്രദേശത്തിനും അനുയോജ്യമായ ഉപതൊഴിൽ എന്തെല്ലാമാണെന്നു പരിശോധിച്ചു കണ്ടുപിടിച്ചു വ്യക്തമായ ഒരു പദ്ധതി ആവിഷ്കരിക്കുകയാണെങ്കിൽ, അതനുസരിച്ചു പ്രവർത്തിക്കാൻ സഹകരണസംഘങ്ങൾ തയ്യാറാണെങ്കിൽ തീർച്ചയായും ഗവണ്മെൻറു് അവരെ സഹായിക്കാൻ തയ്യാറാകുമെന്നു ചർച്ചയിൽ സംബന്ധിച്ചിരുന്ന ബോർഡംഗങ്ങളെയും ഉദ്യോഗസ്ഥന്മാരെയും അറിയിച്ചിട്ടുണ്ടു്. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കു പറ്റിയ ഉപതൊഴിലുകൾ എന്തെന്നു കണ്ടുപിടിക്കാനോ സംസ്ഥാനവ്യാപകമായ ഒരു പദ്ധതിയെ സംബന്ധിച്ച ഒരു തീരുമാനത്തിലെത്താനോ അഡ്വൈസറി ബോർഡിനു സാധിച്ചിട്ടില്ല. പ്രായോഗികമായി ഏതെങ്കിലും ഉപതൊഴിലുകൾ നടത്താൻ കഴിയുമെന്നു ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തിയാൽ അതു നടപ്പിലാക്കാൻ ഗവണ്മെൻറു തയ്യാറാണെന്നു ഉറപ്പുപറയാനാഗ്രഹിക്കുന്നു.

സർ, നമ്മുടെ മാസ്റ്റർപ്ലാനിനെ സംബന്ധിച്ചു ചിലർ സൂചിപ്പിക്കുകയുണ്ടായി. ഒരു ദീർഘകാല പരിപാടിയെന്ന നിലയിൽ ഇരുപതു കൊല്ലക്കാലംകൊണ്ടു നടപ്പിൽവരുത്താനുള്ള പദ്ധതിയാണതു്. ഒന്നോരണ്ടോ വർഷംകൊണ്ടു അതു നടപ്പിലാക്കാം എന്നു ഏതു ഗവണ്മെൻറു വിചാരിച്ചാലും അതൊരു വ്യാമോഹം മാത്രമായിരിക്കുമെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടാണു് എന്റെ മുൻഗാമിയായിരുന്ന ബഹുമാനപ്പെട്ട അഹമ്മദു കുരിക്കൾ അവർകൾ ഈ പദ്ധതി ഒരു ദീർഘകാലപദ്ധതിയായി നടപ്പാക്കാൻ തയ്യാറാക്കിയതു്. ആ പദ്ധതി അംഗീകാരത്തിനു വേണ്ടി ഇൻഡ്യാഗവണ്മെൻറിനു് അയയ്ക്കുന്നതിനുമുമ്പായി അവസാനഘട്ടത്തിലെത്തിയിരിക്കുകയാണു്. ആ മാസ്റ്റർപ്ലാനിൽ മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസു്, ബാങ്കിംഗു് സൗകര്യം എന്നീ പദ്ധതികൾക്കായി 100 ലക്ഷം രൂപാ പ്രത്യേകം വകയിരുത്തിയിട്ടുണ്ടു്. നാം എല്ലാവരും ഒത്തുചേർന്നു് എത്രയെല്ലാം പരിശ്രമിച്ചാലും ഇന്നത്തെ ഗവണ്മെൻറിന്റെ പരിമിതമായ കഴിവുകൾക്കുള്ളിൽനിന്നുകൊണ്ടു്, ഇവിടെ പരാമർശിക്കപ്പെട്ട പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ സാമ്പത്തിക കഴിവുണ്ടായാൽത്തന്നെ അവ നടപ്പാക്കാൻ കാലതാമസം വരും. എന്നാൽ, മാസ്റ്റർപ്ലാൻ അംഗീകരിച്ചുകിട്ടിയാൽ തീർച്ചയായും ഇരുപതു കൊല്ലക്കാലംകൊണ്ടു് മത്സ്യത്തൊഴിലാളികളുടെ ഇന്നത്തെ ദുസ്ഥിതിക്കു വളരെ മാറ്റം വരുത്താൻ കഴിയുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതു വേഗം അംഗീകരിച്ചുകിട്ടുന്നതിനും, അംഗീകരിച്ചുകിട്ടിയാൽ അതു നടപ്പാക്കുന്നതിനും ഈ ഗവണ്മെൻറു അങ്ങേയറ്റം പരിശ്രമിക്കുമെന്നു ഈ സഭയ്ക്കു ഉറപ്പുനൽകാനാഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, മറ്റു പല കാര്യങ്ങളും, ഭവനനിർമ്മാണം, ഗതാഗതസൗകര്യങ്ങൾ എന്നിങ്ങനെ അവക്ക് അത്യാവശ്യമായിവേണ്ട പല കാര്യങ്ങളും പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. അതെല്ലാംതന്നെ മാസ്റ്റർപ്ലാനിൽ ഉള്ളതായതുകൊണ്ട് പ്രത്യേകം എടുത്തുപറയണമെന്നു വിചാരിക്കുന്നില്ല.

പിന്നെ, കായൽമത്സ്യത്തൊഴിലാളികളെ വേർതിരിച്ചു കാണുന്ന ഒരു സമീപനമാണ് ഗവണ്മെൻറിനുള്ളതെന്നു സൂചിപ്പിക്കുന്നമട്ടിൽ ആരോ സംസാരിച്ചതു ശരിയല്ല. മത്സ്യത്തൊഴിലാളികൾ എന്നു പറഞ്ഞാൽ കടലിൽനിന്നു മത്സ്യം പിടിക്കുന്നവരും, കായലിൽനിന്നു മത്സ്യംപിടിക്കുന്നവരും ഉൾപ്പെട്ടതാണ്. കടലിൽനിന്നു മത്സ്യംപിടിക്കുന്നവർക്കു ചെയ്തുകൊടുക്കുന്ന എല്ലാ ആനുകൂല്യങ്ങളും കായൽ മത്സ്യത്തൊഴിലാളികൾക്കും ലഭിക്കുന്നതാണ്. അവരെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരം ഈ സഭയെ അറിയിച്ചുകൊള്ളട്ടെ.

സർ, മത്സ്യബന്ധനത്തിനായി ബോട്ടുകളുടെ എൻജിനും മറ്റും വാങ്ങുന്നതു സംബന്ധിച്ചു കമ്മിഷൻ അടിസ്ഥാനത്തിലാണെന്നും ടെൻഡർ വിളിച്ചിട്ടില്ലെന്നും പറഞ്ഞതു ഖേദകരമായിപ്പോയി. വാസ്തവം പറഞ്ഞാൽ എൻജിനുകൾ വാങ്ങുന്നതു ശരിയായ ടെൻഡർ വിളിച്ചിട്ടാണ്. കുറഞ്ഞ ടെൻഡർകാരായ കമ്പനിക്കാരിൽ നിന്നാണ് അവ വാങ്ങുന്നതു്. കിർലോസ്കർ, കെൽവിൻ, യാൻമർ എന്നിങ്ങനെ വിവിധ എൻജിനുകൾ ഉള്ളതിൽ ഇൻഡ്യയിൽ നിർമ്മിക്കുന്ന എൻജിനുകളാണു വാങ്ങി വിതരണംചെയ്യുന്നതു്. എന്നാൽ ഇൻഡ്യൻ എൻജിനുകൾ വാങ്ങുന്ന സൊസൈറ്റികൾ അതു വളരെ മോശമാണെന്ന അഭിപ്രായം പുറപ്പെടുവിക്കുന്നുണ്ട്. വിദേശ എൻജിനുകളെക്കാൾ ഇൻഡ്യയിൽ നിർമ്മിക്കുന്ന എൻജിനുകൾ മോശമാണെങ്കിലും വിദേശരാജ്യങ്ങളിലെ എൻജിനുകൾ ഇറക്കുമതിചെയ്യാൻ പാടില്ലെന്നും ഇൻഡ്യയിൽതന്നെ ഉണ്ടാക്കുന്ന എൻജിനുകൾ വാങ്ങി ഉപയോഗിക്കണമെന്നുമാണ് ഇൻഡ്യാ ഗവണ്മെൻറിൻറെ കല്പന. അതനുസരിച്ചാണ് ഇൻഡ്യൻ എൻജിനുകൾ വാങ്ങി വിതരണംചെയ്യുന്നതു്. വിദേശ എൻജിനായ 'യാൻമർ' വളരെ നല്ലതാണെന്നും അവ വാങ്ങണമെന്നും ഈ സഭയിലും, മിക്ക സൊസൈറ്റികളും നിരന്തരമായി ആവശ്യപ്പെട്ടിട്ടുള്ളതാണ്. പക്ഷേ, ഇൻഡ്യാ ഗവണ്മെൻറിൻറെ തീരുമാനത്തിനു വിധേയമായിട്ടാണ് ഈ രാജ്യത്തുതന്നെ ഉണ്ടാക്കുന്ന എൻജിനുകൾ വാങ്ങാൻ സംസ്ഥാന ഗവണ്മെൻറ് തീരുമാനിച്ചതു്.

ഇതിനുമുൻപു ടെൻഡർകൊടുത്തു വാങ്ങിയ 'കിർലോസ്കർ' എൻജിനുകൾ വിതരണംചെയ്തിട്ട് അവ വളരെയധികം മോശമാണെന്നും തങ്ങൾക്കാവശ്യമില്ലെന്നും ചില സൊസൈറ്റിക്കാർ പരാതിപ്പെടുകയുണ്ടായി. എന്നാൽ അവ 'ഞങ്ങൾ എടുത്തുകൊള്ളാം' എന്നു മറ്റു ചില സൊസൈറ്റികൾ സമ്മതിച്ചതിനാൽ അവർക്കു കൊടുക്കുകയും അവർ ഉപയോഗിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ വസ്തുത ഞാൻ വെളിവാക്കിയതു് ഈ വക കാര്യങ്ങളിൽ യാതൊരു കമ്മിഷൻറെ പ്രശ്നവും ഇല്ലെന്നു വ്യക്തമാക്കാനാണ്.

ഊന്നിവലയും കുറിവലയും മറ്റും ഫീസ് ഇളവുചെയ്യുന്ന കാര്യത്തെപ്പറ്റിയും, മറ്റുതരം വലകൾ നിരോധിക്കുന്നതിനെപ്പറ്റിയും പ്രത്യേകമായി ആവശ്യപ്പെട്ടുകയാണെങ്കിൽ പരിഗണിക്കാമെന്നേ പറയുന്നുള്ളൂ. മാസ്റ്റർപ്ലാൻ അടുത്ത സന്ദർഭത്തിൽതന്നെ ഇൻഡ്യാ ഗവണ്മെൻറിനു് സമർപ്പിച്ചു അംഗീകാരം നേടിയിട്ട്, ഇന്നു നടത്തിക്കൊണ്ടിരിക്കുന്ന പല പ്രവർത്തനങ്ങളും കൂടുതൽ വിപുലമായ തോതിൽ നടത്താൻ സാധിക്കുമെന്നുള്ളതിനാൽ, ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കണമെന്നുള്ള പ്രമേയാവതാരകൻറെ ഉദ്ദേശം മാസ്റ്റർപ്ലാൻ അംഗീകരിക്കുന്നതോടുകൂടി സാധിതപ്രായമാകുമെന്നു കണക്കിലെടുത്തുകൊണ്ടു ബഹുമാനപ്പെട്ട പ്രമേയാവതാരകൻ അതു പ്രസ്തുതപ്പെടുത്തുകയില്ലെന്നു ഞാൻ വിശ്വസിക്കുകയാണ്. ആ പ്രതീക്ഷയോടുകൂടി എൻറെ സംസാരം അവസാനിപ്പിക്കുകയാണ്.

Mr. Chairman : Does the mover press his Resolution ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്യുതാനന്ദൻ : ഈ വിഭാഗം തൊഴിലാളികളുടെ പ്രശ്നങ്ങളെ സംബന്ധിച്ചു സമർപ്പിക്കുന്ന മാസ്റ്റർപ്ലാൻ വളരെവേഗംതന്നെ നടപ്പാക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഇന്നുള്ള പരിമിതികൾക്കുള്ളിൽനിന്നു വേണ്ട പരിഹാരമുണ്ടാക്കാമെന്ന ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഞാൻ പ്രമേയം പ്രസ്തുതിചെയ്യുന്നില്ല.

The resolution was, by leave, of the House, withdrawn.

(iii) Imposition of a medical cess

ശ്രീ. ജി. ഗോപിനാഥൻപിള്ള : സർ, എന്റെ പ്രമേയം അവതരിപ്പിക്കുകയാണു്. സംസ്ഥാനത്തുള്ള ആശുപത്രികളിലും ഡിസ്പെൻസറികളിലും രോഗികളുടെ സംഖ്യാനുസരണമായി സ്ഥലസൗകര്യങ്ങളും കിടക്കകളും മരുന്നുകളും ഇല്ലാതിരിക്കുന്ന ഗുരുതരാവസ്ഥ നേരിടുന്നതിനായി, 1969–70 ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാകയാൽ ഈ വർഷത്തിൽതന്നെ മെഡിക്കൽ സെസ്സു ഏർപ്പെടുത്തണമെന്നു ഈ സഭ തീരുമാനിക്കുന്നു.

സർ, ഈ രാജ്യത്തുടനീളം സഞ്ചരിച്ചു നമ്മുടെ ആശുപത്രികൾ പരിശോധിച്ചാൽ യാതൊരുവിധത്തിലുമുള്ള സ്ഥലസൗകര്യമോ മറ്റു സജ്ജീകരണങ്ങളോ ഇല്ലാത്ത ഒരു ശോചനീയാവസ്ഥ നിലനിൽക്കുന്നതായി കാണാൻ കഴിയും. മന്ത്രിമാരുടെ കട്ടംബങ്ങൾക്കും, എം. എൽ. എ. മാർക്കും ഒക്കെ സൗജന്യചികിൽസാസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും, സാധാരണക്കാർക്കുവേണ്ടി ഗവണ്മെന്റു സ്ഥാപിച്ചിട്ടുള്ള ജില്ലാ ഹെഡ്കാർട്ടേഴ്സാശുപത്രികളിലായാലും, താലൂക്കു ആശുപത്രികളിലായാലും ഡിസ്പെൻസറികളിലായാലും ഇന്നു കേൾക്കാറുള്ള ഒരു മുറവിളിയാണു്, ആവശ്യത്തിനു് മരുന്നില്ല, സ്ഥലസൗകര്യങ്ങളില്ല, വേണ്ടത്ര കിടക്കകളില്ല, വേണ്ടിടത്തോളം ഡാക്ടർമാരോ നേഴ്സുകളോ ഇല്ല എന്നിങ്ങനെയുള്ള പരാതികൾ. ഇതു ഏറ്റവും പരിതാപകരമായ ഒരവസ്ഥയാണു്. ഇതു പറയുമ്പോൾ ഗവണ്മെന്റു ഭാഗത്തുനിന്നു സാധാരണ പറയും സാമ്പത്തികശേഷിയില്ലെന്നു്.

പൊതുവെ നോക്കുകയാണെങ്കിൽ നമ്മുടെ ചില ജില്ലാ ആശുപത്രികളിലെ സ്ഥിതിതന്നെ വളരെ മോശമാണു്. എന്റെ ജില്ലയായ ആലപ്പുഴെ ഒരു ഡിസ്ട്രിക്ട് ആശുപത്രിയുണ്ടു്. കൊട്ടാരം ആശുപത്രിയെന്നാണു് അതിന്റെ പേരുതന്നെ. വളരെ ശോചനീയാവസ്ഥയിലാണു് അതിന്റെ ഇന്നത്തെ സ്ഥിതി. മെഡിക്കൽ കോളേജാശുപത്രിക്കുവേണ്ടി ഒരു കെട്ടിടം ഉണ്ടാക്കിയിട്ടുണ്ടെങ്കിലും വേണ്ടത്ര സൗകര്യങ്ങൾ ഇനിയും ഉണ്ടായിട്ടില്ല. അടുത്ത കാലത്തു ഒരു മിന്നൽപരിശോധന മന്ത്രി നടത്തിയതിന്റെ ഫലമായി ചില പ്രയോജനം ഉണ്ടായിട്ടുണ്ടു്.

അതുപോലെതന്നെ കൊല്ലം ജില്ലാ ആശുപത്രിയുടെ കാര്യം പറയുകയാണെങ്കിൽ ഡാക്ടർ സുകുമാരൻ ഒരിക്കൽ ഇവിടെ പറഞ്ഞതുപോലെ ട്രാൻസ്പോർട്ടു ബസ്സിൽ യാത്ര ചെയ്യുന്നവർക്കു ആശുപത്രിയിൽ നടക്കുന്നതൊക്കെ കാണാവുന്ന രീതിയിലാണു് കെട്ടിടത്തിന്റെ സംവിധാനം. ചുറ്റും പൊക്കമുള്ള ഒരു മതിൽപോലും കെട്ടി ഭേദമാക്കാൻ ശ്രമിച്ചിട്ടില്ല.

പല താലൂക്കു ഹെഡ്കാർട്ടേഴ്സു് ആശുപത്രികളിലും മരുന്നില്ല, വേണ്ടത്ര സ്റ്റാഫില്ല, നല്ല രീതിയിലുള്ള ലേബർപോലുമില്ല.

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽതന്നെ പോയി നോക്കിയാൽ കാണാൻ കഴിയും രോഗികൾ കിടക്കുന്ന ബെഡ്ഡിന്റെ ഇടവും വലവും തറയിൽ രോഗികൾ കിടക്കുന്നതായിട്ടു്. നേഴ്സിനും ഡാക്ടർമാർക്കും നിന്നുതിരിയാൻ സ്ഥലമില്ലാത്തവിധം രോഗികളുണ്ടു്.

മലബാറിലേയും തിരു-കൊച്ചിയിലുമുള്ള ഭക്ഷണരീതി ഈ അടുത്ത കാലത്തു ഏകീകരിക്കുകയുണ്ടായി. അങ്ങനെ ഏകീകരിക്കുവാൻ വേണ്ടി ഗവണ്മെന്റു ചെയ്തതു മലബാറിൽ അൽപ്പം കൂടുതൽ റേറ്റുണ്ടായിരുന്നതിനെ കുറച്ചു തിരു–കൊച്ചിയിലുള്ളതു

LIBRARY ARCHIVES Kerala Legislative Assembly